## പതിമൂന്നാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.477 — 06.02.2014 ന് മറുപടിയ്ക്ക്

### വന്യജീവി മേഖലയിലൂടെയുള്ള രാത്രികാല യാത്ര

**ചോദ്യം**

ശ്രീ.രാജു എബ്രഹാം
ശ്രീ.കെ.കെ.ജയചന്ദ്രൻ
ശ്രീ.എസ്.രാജേന്ദ്രൻ
ശ്രീ.പി.റ്റി.എ.റഹീം

**ഉത്തരം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി)

(എ) വന്യജീവി മേഖലയിലൂടെയുള്ള രാത്രികാല യാത്ര നിരോധിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടുണ്ടോ; പെരിയാർ കടുവാ സങ്കേതത്തിന്റെ പരിധിയിൽ വരുന്ന വനമേഖലകളിലെ ഗതാഗതവും നിയന്ത്രിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(എ) വന്യജീവി മേഖലയിലൂടെയുള്ള രാത്രികാല യാത്ര നിരോധിക്കണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിട്ടില്ല. പെരിയാർ കടുവാ സങ്കേതത്തിന്റെ പരിധിയിൽ വരുന്ന മേഖലകളിലെ ഗതാഗതം നിയന്ത്രിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിനു കീഴിലുള്ള വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) അത്തരം ഒരു വിദഗ്ധ സമിതിയുടെ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടില്ല. ദേശീയവന്യജീവി ബോർഡ് വന്യജീവി സങ്കേതങ്ങളിലൂടെയുള്ള റോഡുകൾക്കു വേണ്ടി ഒരു മാർഗ്ഗരേഖ ഉണ്ടാക്കുന്നതിനായി നിയോഗിച്ച സബ്കമ്മിറ്റിയുടെ റിപ്പോർട്ട് അഭിപ്രായം അറിയിക്കുന്നതിനായി അയച്ചു തന്നിട്ടുണ്ട്. പ്രസ്തുത സബ്കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഗതാഗത നിയന്ത്രണത്തെപ്പറ്റി വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. വന്യമൃഗ സങ്കേതങ്ങളിലൂടെയുള്ള രാത്രികാല സഞ്ചാരം നിരോധിക്കണം. എന്നാൽ സമീപവാസികൾക്ക് ആവശ്യമായ പാസ്സുകൾ നല്കാവുന്നതാണ്.
2. വാഹനങ്ങളുടെ എണ്ണവും ഗതാഗതത്തിന്റെ സമയവും നിയന്ത്രണവിധേയമാക്കണം.
3. വാഹനങ്ങൾക്ക് വേഗത നിയന്ത്രണം ഉണ്ടായിരിക്കേണ്ടതാണ്.
4. വന്യജീവിസങ്കേതങ്ങൾക്കകത്ത് വാഹനങ്ങൾ നിർത്താൻ പാടില്ല.
5. വന്യജീവി സങ്കേതങ്ങൾക്കുള്ളിൽ ഹോൺ ശബ്ദിക്കുവാനോ മാലിന്യങ്ങൾ നിക്ഷേപിക്കുവാനോ പാടില്ല.
6. മലിനീകരണ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള സന്ദേശങ്ങൾ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ പ്രദർശിപ്പിക്കേണ്ടതാണ്.

7. ആവശ്യത്തിനുള്ള ചെക്ക് പോസ്റ്റുകൾ വനം വകുപ്പ് സ്ഥാപിക്കേണ്ടതാണ്.
8. വന്യമൃഗങ്ങളുടെ സഞ്ചാരത്തിന് അനുയോജ്യമായ രീതിയിൽ സ്വാഭാവിക സഞ്ചാരപാതകൾ കഴിയുന്നതും അതേ പടി നിലനിർത്തണം.
9. അണ്ടർ പാസേജുകൾ, ടണലുകൾ, കൾവർട്ടുകൾ മുതലായ സംവിധാനങ്ങൾ നിർമ്മിച്ച് വന്യമൃഗങ്ങളുടെ സഞ്ചാരം സുഗമമാക്കേണ്ടതാണ്.

(സി) സംസ്ഥാനത്തെ വന്യജീവി വനമേഖലകളിലെ സഞ്ചാരം സംബന്ധിച്ച വിദഗ്ധ സമിതിയുടെ നിഗമനം വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ വന്യജീവി വനമേഖലകളിലെ സഞ്ചാരം സംബന്ധിച്ച് ഏതെങ്കിലും വിദഗ്ധ സമിതി നിഗമനം നടത്തിയതായി അറിവില്ല.

(ഡി) നിർദ്ദേശം ബാധകമാകുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; ശബരിമലയെ ഈ നിർദ്ദേശങ്ങളിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(ഡി) കടുവാ സങ്കേതങ്ങളിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്താനുള്ള നിർദ്ദേശം നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ആയത് പറമ്പിക്കുളം പെരിയാർ കടുവാ സങ്കേതങ്ങളിലാണ് ബാധകമാക്കിയിട്ടുള്ളത്. അച്ചൻകോവിൽ, റാന്നി, കോന്നി എന്നീ ഫോറസ്റ്റ് ഡിവിഷനുകളുടെ ഉയർന്ന പ്രദേശങ്ങളിലെ വിനോദ സഞ്ചാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നിയന്ത്രിക്കണമെന്നും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്, ശബരിമല തീർത്ഥാടനത്തെ ബാധിക്കുന്ന നിർദ്ദേശങ്ങളൊന്നും തന്നെ ലഭിച്ചിട്ടില്ല.

(ഇ) നിർദ്ദേശങ്ങളെ തുടർന്ന് വനം വകുപ്പ് സംസ്ഥാനത്ത് ഇതിനകം കൈക്കൊണ്ട നടപടികൾ വെളിപ്പെടുത്താമോ?

(ഇ) കടുവാ സങ്കേതങ്ങളുടെ പരിധിയിൽ വരുന്ന മേഖലകളിലെ ഗതാഗതം നിയന്ത്രിക്കുന്നതിനായി ഇതിനകം കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച നിർദ്ദേശങ്ങളെത്തുടർന്ന് പെരിയാർ ടൈഗർ റിസർവ്വിന്റെ ഉള്ളിലേക്ക് സന്ദർശകരുമായി വരുന്ന വാഹനങ്ങൾ കടത്തി വിടുന്നതിലും സന്ദർശക സഞ്ചാരത്തിനും പുതിയ ക്രമീകരണത്തിനുള്ള പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു. കൂടാതെ ഗവി മേഖലയിലേക്ക് ആങ്ങമൂഴി വഴിയും വള്ളക്കടവ് വഴിയും പ്രവേശിക്കുന്ന വാഹനങ്ങളുടെ എണ്ണത്തിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. പറമ്പിക്കുളം കടുവാ സങ്കേതത്തിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി ഏർപ്പെടുത്തിയ വാഹനങ്ങൾ ഉപയോഗിച്ച് എല്ലാ മുൻകരുതലും എടുത്താണ് സഞ്ചാരികൾക്ക് കടുവാ സങ്കേതം സന്ദർശിക്കുവാനുള്ള സൗകര്യം ഒരുക്കിയിരിക്കുന്നത്.

സെക്ഷൻ ഓഫീസർ.